# സൂറ - 28 / അൽ ഖസ്വസ്വ്

### സൂക്തം: 50 - 53

അല്ലാഹുവിനെയും അവന്റെ അനുശാസനങ്ങളെയും അവഗണിച്ചുകൊണ്ടുള്ള ഏതു ധർമശാസ്ത്രത്തിന്റെയും ആധാരം അത് രചിക്കുന്നവരുടെ സ്വേഛകളായിരിക്കും. തനിക്ക് താൽപര്യമുള്ളതെന്തും നന്മയും ഇഷ്ടമില്ലാത്തതെന്തും തിന്മയുമാണെന്ന് അവർ ഭ്രമിക്കുന്നു. അത് സ്ഥാപിക്കാൻ സിദ്ധാന്തങ്ങളും തത്ത്വശാസ്ത്രങ്ങളും ആവിഷ്കരിക്കുന്നു. അങ്ങനെ ദേശീയതയുടെയും വിപ്ലവത്തിന്റെയും പേരിലുള്ള കൂട്ടക്കൊലകൾ മുതൽ സ്വവർഗഭോഗം വരെയുള്ള തിന്മകൾ മഹത്വവത്കരിക്കപ്പെടുന്നു.



فَإِن لَّمْ يَسْتَجِيبُوا لَكَ فَاعْلَمْ أَنَّمَا يَتَّبِعُونَ أَهْوَاءَهُمْ وَمَنْ
أَضَلُّ مِمَّنِ اتَّبَعَ هَوَاهُ بِغَيْرِ هُدًى مِّنَ اللَّهِ إِنَّ اللَّهَ لَا
يَهْدِي الْقَوْمَ الظَّالِمِينَ ﴿٥٠﴾

50. നിന്റെ ഈ ആവശ്യത്തോട് പ്രതികരിക്കുന്നില്ലെങ്കിൽ മനസ്സിലാക്കിക്കൊള്ളുക; അവർ അനുഗമിക്കുന്നത് അവരുടെ സ്വേഛകളെ മാത്രമാകുന്നു. അല്ലാഹുവിങ്കൽനിന്നുള്ള മാർഗദർശനമില്ലാതെ സ്വേഛകളെ പിൻപറ്റുന്നവരേക്കാൾ പിഴച്ചവനാരുണ്ട്! ഇത്തരം ധർമധിക്കാരികളെ അല്ലാഹു നന്മയിലേക്കു നയിക്കുന്നില്ല.

**50**

നിനക്ക് അവർ ഉത്തരം നൽകുന്നില്ലെങ്കിൽ (നിന്റെ ഈ ആവശ്യത്തോട് പ്രതികരിക്കുന്നില്ലെങ്കിൽ) =فَإِن لَّمْ يَسْتَجِيبُوا لَكَ

തീർച്ചയായും അവർ അനുഗമിക്കുന്നത് =أَنَّمَا يَتَّبِعُونَ നീ അറിയുക (മനസ്സിലാക്കിക്കൊള്ളുക) =فَاعْلَمْ

ഏറെ പിഴച്ചവൻ ആരുണ്ട് =وَمَنْ أَضَلُّ അവരുടെ സ്വേഛകളെ(മാത്രം) ആകുന്നു =أَهْوَاءَهُمْ

മാർഗദർശനമില്ലാതെ =بِغَيْرِ هُدًى സ്വേഛകളെ പിൻപറ്റിയ(റ്റുന്ന)വനേക്കാൾ =مِمَّنِ اتَّبَعَ هَوَاهُ

നിശ്ചയം, അല്ലാഹു =إِنَّ اللَّهَ അല്ലാഹുവിങ്കൽനിന്നുള്ള =مِّنَ اللَّهِ

അവൻ മാർഗദർശനം ചെയ്യുന്നില്ല (നന്മയിലേക്കു നയിക്കുന്നില്ല) =لَا يَهْدِي

(ഇത്തരം ധർമ) ധിക്കാരികളെ =الْقَوْمَ الظَّالِمِينَ

പ്രവാചകന്റെ ഈ വെല്ലുവിളി സ്വീകരിക്കപ്പെടുന്നില്ലെങ്കിൽ, അഥവാ ഖുർആനിനെയും തൗറാത്തിനെയും അനുസരിക്കാനോ അവ രണ്ടിനേക്കാൾ സന്മാർഗദർശകമായ മറ്റൊരു ദൈവികവേദം ചൂണ്ടിക്കാണിക്കാനോ തയാറാകുന്നില്ലെങ്കിൽ അതിനർഥം അവർ സത്യ-ധർമങ്ങളിലേക്കുള്ള ശരിയായ മാർഗദർശനങ്ങൾ അംഗീകരിക്കാനും അനുസരിക്കാനും ഇഷ്ടപ്പെടാതെ സ്വന്തം ആസക്തികൾക്കും അഭിനിവേശങ്ങൾക്കും പിമ്പേ മാത്രം ഗമിക്കുന്നവരാകുന്നു എന്നത്രെ. വേണമെങ്കിൽ വേദപുസ്തകങ്ങളേക്കാൾ സത്യവും സന്മാർഗപാഠങ്ങളും ഉൾക്കൊള്ളുന്ന പുസ്തകമിതാ എന്ന വകാശപ്പെട്ടുകൊണ്ടും വേദപാഠങ്ങളെ ഖണ്ഡിച്ചുകൊണ്ടും ഒരു കൃതി അവതരിപ്പിക്കാൻ അവർക്ക് കഴിഞ്ഞേക്കും. അത് അല്ലാഹുവിങ്കൽനിന്നുള്ളതാണെന്ന് തെളിയിക്കാൻ ആർക്കുമാവില്ല. അല്ലാഹുവിനെയും അവന്റെ അനുശാസനങ്ങളെയും അവഗണിച്ചുകൊണ്ടുള്ള ഏതു ധർമശാസ്ത്രത്തിന്റെയും ആധാരം അത് രചിക്കുന്നവരുടെ സ്വേഛകളായിരിക്കും. തനിക്ക് താൽപര്യമുള്ളതെന്തും നന്മയും ഇഷ്ടമില്ലാത്തതെന്തും തിന്മയുമാണെന്ന് അവർ ഭ്രമിക്കുന്നു. അത് സ്ഥാപിക്കാൻ സിദ്ധാന്തങ്ങളും തത്ത്വശാസ്ത്രങ്ങളും ആവിഷ്കരിക്കുന്നു. അങ്ങനെ ദേശീയതയുടെയും വിപ്ലവത്തിന്റെയും പേരിലുള്ള കൂട്ടക്കൊലകൾ മുതൽ സ്വവർഗഭോഗം വരെയുള്ള തിന്മകൾ മഹത്വവത്കരിക്കപ്പെടുന്നു. ദൈവവിശ്വാസം മുതൽ ധാർമിക-സദാചാര മൂല്യങ്ങൾ വരെ നിന്ദിക്കപ്പെടുന്നു. ദൈവത്തെയും അവന്റെ മാർഗദർശനത്തെയും കൈവെടിഞ്ഞ്

സ്വേഛാനുസാരം ചരിക്കുന്നവരുടെ അപഭ്രംശത്തിന് ഒരതിരുമില്ല. ജഡികേഛ സദാ തേടിക്കൊണ്ടിരിക്കുന്നത് സ്വന്തം താൽപര്യങ്ങളെയാണ്. നന്മതിന്മകളോ ന്യായാന്യായതകളോ അതിന് പ്രശ്നമല്ല. പ്രശ്നം തിരിച്ചടികൾ മാത്രമാകും. തിരിച്ചടി പേടിക്കാനില്ലെങ്കിൽ എന്തും ചെയ്യാം. ജഡികേഛകൾ പലപ്പോഴും ബുദ്ധിയെ അനായാസം കീഴടക്കുന്നു. അതിനാൽ ജീവിത വിജയത്തിലേക്കുള്ള ഒരേയൊരു മാർഗം ഇഛകളെ ദൈവിക മാർഗദർശത്തിന് വിധേയമാക്കുകയാണ്. ദൈവിക മാർഗദർശനത്തിന്റെ വെളിച്ചമില്ലാതെ സ്വേഛകളുടെ പിമ്പേ ഗമിക്കുന്നവർ നാശഗർത്തത്തിൽ പതിക്കുക അനിവാര്യമാകുന്നു.

ഈ നാശഗർത്തത്തിൽനിന്ന് രക്ഷപ്പെടുന്നതിനു വേണ്ടിയാണ് അല്ലാഹു പ്രവാചകന്മാരെയും വേദങ്ങളെയും അയച്ചിട്ടുള്ളത്. സന്മാർഗോപാധികൾ മാനിക്കാതെ അന്ധമായി ആസക്തികൾക്ക് പിമ്പേ ഗമിക്കുന്നവർ ദൈവനിഷേധത്തിലൂടെയും ധർമലംഘനത്തിലൂടെയും തങ്ങൾക്കുതന്നെ നരകം പണിതുകൊണ്ടിരിക്കുകയാണ്. ദുർമാർഗത്തിലൂടെ സഞ്ചരിക്കുന്നവർ വിശുദ്ധ ലക്ഷ്യത്തിലെത്താതിരിക്കുക എന്നത് അല്ലാഹുവിന്റെ സുന്നത്ത്-നിയമമാകുന്നു. ഇതാണ് إِنَّ اللَّهَ لَا يَهْدِي الْقَوْمَ الظَّالِمِينَ എന്ന വാക്യത്തിന്റെ താൽപര്യം. ■

---

وَلَقَدْ وَصَّلْنَا لَهُمُ الْقَوْلَ لَعَلَّهُمْ يَتَذَكَّرُونَ ﴿٥١﴾

51. മനുഷ്യർക്കു നാം വേദപ്രമാണങ്ങൾ തുടർച്ചയായി എത്തിച്ചുകൊടുത്തിരിക്കുന്നു; അവർ സന്മാർഗബോധമുള്ളവരാകാൻ.

**51**

وَلَقَدْ وَصَّلْنَا لَهُمُ = തീർച്ചയായും നാം അവർക്ക് ചേർത്തുവെച്ചിരിക്കുന്നു (മനുഷ്യർക്ക് തുടർച്ചയായി എത്തിച്ചിരിക്കുന്നു)

الْقَوْلَ = വചനത്തെ (വേദപ്രമാണങ്ങൾ) لَعَلَّهُمْ يَتَذَكَّرُونَ = അവർ സന്മാർഗബോധമുള്ളവരാകാൻ

ഒന്ന് മറ്റൊന്നിലേക്ക് എത്തുകയും ചേരുകയുമാണ് وَصْل. ഇതിന്റെ സകർമക ക്രിയാ രൂപമാണ് وَصَّل. വേദങ്ങൾ അല്ലെങ്കിൽ വേദപ്രമാണങ്ങൾ തുടർച്ചയായി നൽകിക്കൊണ്ടിരുന്നു എന്നാണ് وصَّلنا القول -യുടെ താൽപര്യം. ആദം നബി മുതലേ അല്ലാഹു മാനവ മാർഗദർശനാർഥം പ്രവാചകന്മാരിലൂടെ ധർമോപദേശങ്ങൾ നൽകിക്കൊണ്ടിരുന്നു. ഓരോ പ്രവാചകന്റെയും കാലശേഷം ശിഷ്യന്മാർ അവരുടെ പാഠങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരുന്നു. ശിഷ്യന്മാരില്ലെങ്കിൽ ആ പ്രവാചകനോടൊപ്പമോ അദ്ദേഹത്തിനു ശേഷമോ പിൻഗാമികളായി മറ്റു പ്രവാചകന്മാർ വന്നു. ദൈവിക പാഠങ്ങളിൽ പുനഃക്രമീകരണം ആവശ്യമാകുന്ന സന്ദർഭങ്ങളിൽ പുതിയ വേദങ്ങളും പ്രവാചകന്മാരിലൂടെ അവതരിപ്പിക്കപ്പെട്ടു. അങ്ങനെ അവതീർണമായ പൂർവവേദങ്ങളാണ് തൗറാത്തും സബൂറും ഇഞ്ചീലും. തൗറാത്തിനും ഇഞ്ചീലിനുമിടക്ക് പല പ്രവാചകന്മാർ വന്നിട്ടുണ്ട്. അവരെല്ലാം പഠിപ്പിച്ചിരുന്നത് തൗറാത്ത് തന്നെയാണ്. പിന്നീട് തൗറാത്തിന്റെ അനുബന്ധമായി ദാവൂദ് നബിക്ക് സബൂർ അവതരിച്ചു. ദാവൂദി(അ)നു ശേഷം അനേകം പ്രവാചകന്മാർ തൗറാത്തിന്റെയും സബൂറിന്റെയും തത്ത്വങ്ങൾ പ്രബോധനം ചെയ്തുകൊണ്ടിരുന്നു. കാലാന്തരത്തിൽ ഈ വേദങ്ങളുടെ പല പാഠങ്ങളും മാഞ്ഞു മറഞ്ഞുപോയപ്പോൾ ഈസാ (അ) ഇഞ്ചീലുമായി വന്നു. അദ്ദേഹത്തിന്റെ കാലശേഷം ശിഷ്യന്മാർ തൗറാത്തിന്റെയും ഇഞ്ചീലിന്റെയും പാഠങ്ങൾ ജനങ്ങളിൽ പ്രബോധനം ചെയ്തുകൊണ്ടിരുന്നു. കാലാന്തരത്തിൽ യേശുവിന്റെ ശിഷ്യന്മാരും വഴിതെറ്റി. എല്ലാ വേദങ്ങളുടെയും അടിസ്ഥാനാദർശമാണല്ലോ ഏക ദൈവവിശ്വാസം. ക്രിസ്ത്യാനിറ്റിയിൽ ദൈവത്തിന്റെ ഏകത്വം ത്രിത്വമായി മാറ്റപ്പെട്ടു. ത്രിത്വവും ഈസാ(അ)യുടെ കുരിശു മരണവും ക്രൈസ്തവതയുടെ അടിത്തറയായതോടെ ആ മതം ഈസാ(അ) പ്രബോധനം ചെയ്ത് മതം അല്ലാതായിത്തീർന്നു. ഈ സാഹചര്യത്തിലാണ് ദൈവിക സന്മാർഗസന്ദേശത്തിന്റെ ഏറ്റവും പുതിയതും മനുഷ്യരുടെ കൈകടത്തലുകൾക്കതീതവുമായ വിശുദ്ധ ഖുർആനുമായി മുഹമ്മദ് (സ) നിയുക്തനാവുന്നത്. മുഹമ്മദ് നബിയുടെ കാലശേഷം ശിഷ്യന്മാർ ഈ പാഠത്തിന്റെ പ്രചാരകരും പ്രയോക്താക്കളുമായി ലോകമെങ്ങും വ്യാപിച്ചു. നേരത്തേ 45,46 സൂക്തങ്ങളിൽ പറഞ്ഞ ആശയം മറ്റൊരു ശൈലിയിൽ അവതരിപ്പിച്ചിരിക്കുകയാണിവിടെ.

ഇക്കാര്യം ആവർത്തിക്കുന്നതിൽ ഇങ്ങനെ ഒരു താൽപര്യം കൂടിയുണ്ട്: ഈ ഖുർആൻ ഒറ്റപ്പെട്ടതോ അനന്യമോ ആയ പ്രതിഭാസമല്ല. ലോകാരംഭം മുതലേ നടന്നുവരുന്ന പ്രക്രിയയുടെ പൂർത്തീകരണമാണ്. പൂർവവേദങ്ങളുടെ വാഹകർ തങ്ങളുടെ കൈയിലുള്ള വേദങ്ങളുടെ പരിഷ്കൃതവും പരിപൂർണവുമായ പതിപ്പായി കണ്ടുകൊണ്ടാണ് ഖുർആനിനെ സമീപിക്കേണ്ടത്. ഇത് നേരിട്ട് നൽകുന്നത് മുഹമ്മദ് നബിക്കും അറബികൾക്കുമാണെങ്കിലും എല്ലാ മനുഷ്യർക്കും അവകാശപ്പെട്ടതാണ്. വളരെക്കാലമായി പ്രവാചക നിയോഗം സംഭവിച്ചിട്ടില്ലാത്ത ഇസ്മാഈലീ സമുദായത്തെ സംബന്ധിച്ചേടത്തോളം അല്ലാഹുവിങ്കൽനിന്നുള്ള നിസ്തുലമായ അനുഗ്രഹവും ഔദാര്യവുമാണിത്. ഇതിന്റെ പ്രചാരകരും പ്രയോക്താക്കളുമാകുന്നതിലൂടെ അവർ ലോകത്തിന്റെ വഴികാട്ടികളാവുകയാണ്.

■

الَّذِينَ آتَيْنَاهُمُ الْكِتَابَ مِن قَبْلِهِ هُم بِهِ يُؤْمِنُونَ ﴿٥٢﴾

52. പണ്ട് നാം വേദം നൽകിയിട്ടുള്ളവരുണ്ടല്ലോ, അവർ ഈ ഖുർആനിൽ വിശ്വസിക്കുന്നുണ്ട്.

وَإِذَا يُتْلَىٰ عَلَيْهِمْ قَالُوا آمَنَّا بِهِ إِنَّهُ الْحَقُّ مِن رَّبِّنَا إِنَّا كُنَّا مِن قَبْلِهِ مُسْلِمِينَ ﴿٥٣﴾

53. ഇത് ചൊല്ലിക്കേൾപ്പിക്കപ്പെട്ടാൽ അവർ പറയുകയായി: ഞങ്ങൾ ഇതിൽ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ വിധാതാവിങ്കൽനിന്നുള്ള സത്യം തന്നെയാണിത്. ഞങ്ങൾ മുമ്പേ മുസ്‌ലിംകളായിരിക്കുന്നു.

**52,53**

الَّذِينَ آتَيْنَاهُمُ الْكِتَابَ= നാം വേദം നൽകിയിട്ടുള്ളവർ (ഉണ്ടല്ലോ) مِن قَبْلِهِ= അതിനു മുമ്പ് (പണ്ട്)
هُم= അവർ بِهِ يُؤْمِنُونَ= ഇതി(ഈ ഖുർആനി)ൽ വിശ്വസിക്കുന്നുണ്ട്
وَإِذَا يُتْلَىٰ عَلَيْهِمْ= അവരുടെ മേൽ ചൊല്ലിക്കേൾപ്പിക്കപ്പെട്ടാൽ قَالُوا= അവർ പറഞ്ഞു (യുകയായി)
آمَنَّا بِهِ= ഇതിൽ ഞങ്ങൾ വിശ്വസിച്ചു إِنَّهُ الْحَقُّ= തീർച്ചയായും ഇത് സത്യം (തന്നെ)യാകുന്നു
مِن رَّبِّنَا= ഞങ്ങളുടെ വിധാതാവിങ്കൽനിന്നുള്ള إِنَّا كُنَّا= ഞങ്ങൾ ആയിരുന്നു
مِن قَبْلِهِ= ഇതിനു മുമ്പ് (മുമ്പേ) مُسْلِمِينَ= മുസ്‌ലിംകൾ, (അതിനു) സമർപ്പിതരായവർ

പ്രവാചകനും വിശുദ്ധ ഖുർആനും യാഥാർഥ്യമാണ് എന്നതിന് പ്രബലമായ ഒരു സാക്ഷ്യം അവതരിപ്പിക്കുകയാണീ സൂക്തം. الَّذِينَ آتَيْنَاهُمُ الْكِتَابَ എന്നു പറഞ്ഞത് എല്ലാ വേദവിശ്വാസികളെയും ഉദ്ദേശിച്ചല്ല. തങ്ങൾ പാരായണം ചെയ്യുന്ന വേദം ദൈവികപ്രമാണങ്ങളാണെന്ന് നിഷ്കളങ്കമായി വിശ്വസിക്കുകയും സ്വാർഥലാഭങ്ങൾക്കും പക്ഷപാതിത്വങ്ങൾക്കും അടിപ്പെടാതെ അത് യഥാവിധി അനുസരിക്കുകയും ചെയ്യുന്ന വേദക്കാരാണുദ്ദേശ്യം. വേദത്തെ സ്വഗോത്രത്തിന്റെയോ ദേശത്തിന്റെയോ പൈതൃക സ്വത്തായി കാണുകയും വേദവചനങ്ങളെ സ്വേഛാനുസാരം വ്യാഖ്യാനിച്ച് ദൈവികശാസനകൾ ലംഘിക്കുകയും ചെയ്യുന്ന വേദവാഹകർ ഇതിൽനിന്ന് ഒഴിവാണ്. പൂർവ വേദങ്ങളിൽ നിഷ്കളങ്കമായി വിശ്വസിക്കുന്നവർ ഈ വേദം കേൾക്കുമ്പോൾ നിസ്സങ്കോചം പറയുന്നു: ഇത് വിധാതാവിങ്കൽനിന്നുള്ള വചനങ്ങളാണ്. നേരത്തേ ഞങ്ങൾ വിശ്വസിച്ചുവരുന്ന ശാസനങ്ങൾ തന്നെയാണിതിലുള്ളത്.

إِنَّهُ الْحَقُّ مِن رَّبِّنَا എന്ന വാക്യത്തിലൂടെ ഊന്നിപ്പറയുന്നതിതാണ്: പൂർവ വേദങ്ങളിൽ നടന്നിട്ടുള്ള കൈകടത്തലുകളെ അനഭിമതരും സ്വാർഥംഭരികളുമായ പുരോഹിതന്മാരും നേതാക്കളും നിഷേധിക്കുന്നുണ്ടെങ്കിലും അതേപ്പറ്റി ഖുർആന്റെ വെളിപ്പെടുത്തലുകൾ സത്യം തന്നെയാകുന്നു. ഈ സാക്ഷ്യത്തിൽ ഖുറൈശികൾ ഉൾപ്പെടെയുള്ള എല്ലാ അവിശ്വാസികൾക്കും, ഖുർആൻ അല്ലാഹുവിങ്കൽനിന്നുള്ള അനിഷേധ്യ സത്യമാണെന്ന സന്ദേശമുണ്ട്. അതിനെ നിഷേധിക്കുന്നതും ധിക്കരിക്കുന്നതും സ്വന്തം ഭാഗ്യദോഷത്തെ സ്വയം മാടിവിളിക്കലായിരിക്കും.

كُنَّا مِن قَبْلِهِ مُسْلِمِينَ എന്ന വാക്യം രണ്ട് രീതിയിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു: ആദി മനുഷ്യന്റെ കാലം മുതലേ ദൈവിക ദീനിന്റെ ഔദ്യോഗിക നാമമാണ് ഇസ്‌ലാം. ഈ ദീൻ സ്വീകരിച്ചവരാണ് മുസ്‌ലിംകൾ. 22:78-ൽ അല്ലാഹു സത്യവിശ്വാസികളോട് പറയുന്നു: ''ദീനിൽ നിങ്ങൾക്ക് ഒരു ക്ലിഷ്ടതയും ഉണ്ടാക്കിയിട്ടില്ല. നിങ്ങളുടെ പിതാവായ ഇബ്‌റാഹീമിന്റെ ധർമം പിന്തുടരുവിൻ. പണ്ടേ അവൻ നിങ്ങൾക്ക് മുസ്‌ലിംകൾ എന്നു നാമകരണം ചെയ്തിരിക്കുന്നു. ഈ ഖുർആനിലും അതുതന്നെയാണ് നിങ്ങളുടെ നാമം.'' ഇബ്‌റാഹീം നബിയെക്കുറിച്ച് അല്ലാഹു പറയുന്നു: مَا كَانَ إِبْرَاهِيمُ يَهُودِيًّا وَلَا نَصْرَانِيًّا وَلَٰكِن كَانَ حَنِيفًا مُّسْلِمًا (ഇബ്‌റാഹീം യഹൂദനോ നസ്രായനോ ആയിരുന്നില്ല. പ്രത്യുത ഏകാഗ്രചിത്തനായ മുസ്‌ലിം ആയിരുന്നു– 3:67). ലൂത്വ് നബിയുടെ ചരിത്രം വിശദീകരിച്ചപ്പോൾ പറഞ്ഞു: فَمَا وَجَدْنَا فِيهَا غَيْرَ بَيْتٍ مِّنَ الْمُسْلِمِينَ (ലൂത്വിന്റെ നാട്ടിൽ ഒരു വീടൊഴിച്ച് മുസ്‌ലിം വീടുകളൊന്നും നാം കണ്ടില്ല–51:36). യൂസുഫ് നബി പ്രാർഥിച്ചതായി ഖുർആൻ ഉദ്ധരിക്കുന്നു: تَوَفَّنِي مُسْلِمًا وَأَلْحِقْنِي بِالصَّالِحِينَ (എന്നെ മുസ്‌ലിമായി മരിപ്പിക്കുകയും സജ്ജന ഗണത്തിൽ ചേർക്കുകയും ചെയ്യേണമേ – 12:101).

മൂസാ നബി സ്വജനത്തോട് ആഹ്വാനം ചെയ്തു: يَا قَوْمِ إِن كُنتُمْ آمَنتُم بِاللَّهِ فَعَلَيْهِ تَوَكَّلُوا إِن كُنتُم مُّسْلِمِينَ (എന്റെ ജനമേ, നിങ്ങൾ സത്യമായും അല്ലാഹുവിൽ വിശ്വസിക്കുന്നുവെങ്കിൽ അവനിൽ തന്നെ സർവവും സമർപ്പിക്കുവിൻ. നിങ്ങൾ മുസ്‌ലിംകളാണെങ്കിൽ – 10:84). പണ്ടു മുതലേ പ്രവാചകന്മാരും അവരുടെ ശിഷ്യന്മാരും തങ്ങളെ മുസ്‌ലിംകൾ എന്നു വിളിച്ചിരുന്നുവെന്നാണിത് സൂചിപ്പിക്കുന്നത്. ഇസ്‌ലാമിനും മുസ്‌ലിമിനും അറബിഭാഷാ പദങ്ങളായിരിക്കാം ഉപയോഗിച്ചിട്ടുണ്ടാവുക. ഈ അടിസ്ഥാനത്തിലാണ് നിഷ്കളങ്കരായ വേദവിശ്വാസികൾ തങ്ങൾ പണ്ടേ മുസ്‌ലിംകളായിരിക്കുന്നു എന്നു പറയുന്നത്.

രണ്ടാമത്തെ വ്യാഖ്യാനം ഇപ്രകാരമാണ്: ഈ ഖുർആൻ

അവതരിക്കുന്നതിനു മുമ്പുതന്നെ ഞങ്ങളുടെ കൈവശമുള്ള വേദങ്ങളുടെ പ്രവചനങ്ങളെ ആധാരമാക്കി ഇങ്ങനെയൊരു വേദത്തിന്റെ അവതരണം പ്രതീക്ഷിക്കുകയും അതിൽ വിശ്വസിക്കാനും അനുസരിക്കാനും തയാറാവുകയും ചെയ്തവരാണ് ഞങ്ങൾ. ഇതേക്കുറിച്ച് നേരത്തേ സൂറ *അൽബഖറ* 146, *അൽ അൻആം* 114 സൂക്തങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക. വചന ശൈലി രണ്ട് വ്യാഖ്യാനങ്ങളെയും സാധൂകരിക്കുന്നു. പരസ്പരപൂരകമായതിനാൽ രണ്ടും ഉദ്ദേശ്യമാകാവുന്നതാണ്.

ഇടക്കിടെ ദൂരദിക്കുകളിൽനിന്ന് ജൂത-ക്രൈസ്തവ സംഘങ്ങൾ പ്രവാചകനെ സന്ദർശിക്കുകയും അദ്ദേഹവുമായി ആശയവിനിമയം നടത്തുകയും അവരിൽ ചിലർ ഇസ്‌ലാം സ്വീകരിച്ചതായി പ്രസ്താവിക്കുകയും ചെയ്തുകൊണ്ടിരുന്നതാണ് ഈ സൂക്തങ്ങളുടെ അവതരണ പശ്ചാത്തലമെന്ന് വ്യക്തമാക്കുന്ന അനേകം നിവേദനങ്ങളുണ്ട്. അലി ഇബ്നു രിഫാഅ പ്രസ്താവിച്ചതായി ഇബ്നു ജരീർ ഉദ്ധരിക്കുന്നു: എന്റെ പിതാവ് രിഫാഅ ഉൾപ്പെട്ട വേദവിശ്വാസികളുടെ ഒരു പത്തംഗ സംഘം പ്രവാചകന്റെ അടുത്തേക്ക് പോവുകയും സത്യവിശ്വാസികളാവുകയും അതിന്റെ പേരിൽ ദ്രോഹിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അപ്പോഴാണ് ....... الَّذِينَ آتَيْنَاهُمُ എന്ന ഈ സൂക്തം അവതരിച്ചതെന്നാണ് ഒരു നിവേദനം. ഖതാദ പറഞ്ഞതായി ഇബ്നു ജരീർ ഉദ്ധരിക്കുന്നു: മുഹമ്മദീയ പ്രവാചകത്വം വരെ, സത്യസന്ധരായി ജീവിക്കുകയും അദ്ദേഹം ആഗതനായപ്പോൾ സത്യവിശ്വാസം കൈക്കൊള്ളുകയും ചെയ്ത ഏതാനും വേദവിശ്വാസികളെക്കുറിച്ചാണീ സൂക്തം അവതരിച്ചതെന്ന് ഞങ്ങൾ പറയാറുണ്ടായിരുന്നു. ക്രൈസ്തവനായിരുന്ന സൽമാനുൽ ഫാരിസിയും യഹൂദ പണ്ഡിതനായിരുന്ന അബ്ദുല്ലാഹിബ്നു സലാമും അങ്ങനെ സത്യവിശ്വാസികളായവരുടെ കൂട്ടത്തിൽപെടുന്നു. സഈദുബ്നു ജുബൈർ പ്രസ്താവിച്ചതായി ഇബ്നു കസീർ ഉദ്ധരിക്കുന്നു: ഈ സൂക്തം നജ്ജാശി രാജാവ് അയച്ച എഴുപതംഗ ക്രൈസ്തവ പുരോഹിത സംഘത്തെക്കുറിച്ചാകുന്നു. അവർ മദീനയിൽ വന്നപ്പോഴേ നബി(സ) അവർക്ക് സൂറ *യാസീൻ* ഓതിക്കൊടുത്തു. അതു കേട്ട് അവർ കരഞ്ഞുപോയി. മുസ്‌ലിംകളാവുകയും ചെയ്തു. ഇബ്നു ഹിശാം, ബൈഹഖി തുടങ്ങിയവർ ഉദ്ധരിക്കുന്നു: ''മുസ്‌ലിംകളുടെ അബ്സീനിയൻ ഹിജ്റയെത്തുടർന്ന് മുഹമ്മദീയ പ്രവാചകത്വ വാർത്ത അബ്സീനിയയിൽ പ്രചരിച്ചു. അതിന്റെ ഫലമായി അവിടെ നിന്ന് ഇരുപതോളം ക്രിസ്ത്യാനികൾ നിജഃസ്ഥിതി അറിയാൻ മക്കയിൽ വന്നു. അവർ പ്രവാചകനെ സന്ദർശിച്ച് ദീർഘമായ സംഭാഷണം നടത്തി. പുതിയ ദീനിനെക്കുറിച്ച് അവർക്കുണ്ടായിരുന്ന സംശയങ്ങളും അവ്യക്തതകളുമെല്ലാം ഉന്നയിച്ച് വിശദീകരണം തേടി. പ്രവാചകൻ എല്ലാം വിശദീകരിച്ചുകൊടുത്തുകൊണ്ട് അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. പ്രവാചകന്റെ, ഖുർആൻ പാരായണം കേട്ട് അവരുടെ നയനങ്ങൾ സജലങ്ങളായി. സത്യം ബോധ്യപ്പെട്ട സംഘം തങ്ങൾ മുസ്‌ലിംകളായതായി പ്രഖ്യാപിച്ചു. ഇതെല്ലാം വീക്ഷിച്ചുകൊണ്ട് ഇസ്‌ലാം വിരോധികളായ ഖുറൈശികൾ പരിസരത്ത് കാത്തുനിൽപുണ്ടായിരുന്നു. സന്ദർശകർ തത്സമയം ഇസ്‌ലാം സ്വീകരിച്ചത് അവർക്ക് തീരെ സഹിച്ചില്ല. പ്രവാചകനോട് വിട പറഞ്ഞ് പിരിഞ്ഞുപോന്ന സംഘത്തിൽ ചിലരെ വഴിയിൽ തടഞ്ഞ് അബൂജഹ്ൽ അധിക്ഷേപിച്ചു: നിങ്ങൾ മഹാ മൂഢന്മാർ തന്നെ. ഈ മനുഷ്യനെക്കുറിച്ച് സൂക്ഷ്മമായി അന്വേഷിച്ച് നിജഃസ്ഥിതി അറിഞ്ഞുവരാനാണല്ലോ നിങ്ങളുടെ നാട്ടുകാർ നിങ്ങളെ അയച്ചത്. പക്ഷേ അയാളുടെ മുന്നിലെത്തിയ നിങ്ങൾ അയാളുടെ വായ്ത്താരി കേട്ട് ഉടനെ വിശ്വസിച്ചുകളഞ്ഞു. നിങ്ങളോളം ഭോഷന്മാരായി ആരെയും ഞങ്ങളിതുവരെ കണ്ടിട്ടേയില്ല. സംഘത്തിന്റെ പ്രതികരണം ഇതായിരുന്നു: സഹോദരങ്ങളേ, സലാം. അവിവേകികളോട് തർക്കിക്കാൻ ഞങ്ങളില്ല. ഞങ്ങൾക്ക് ബോധപൂർവം ഞങ്ങളെ നന്മയിൽനിന്ന് തടയാനാവില്ല. ഞങ്ങൾ ഞങ്ങളുടെ വഴിക്കു പോയ്ക്കോട്ടെ. നിങ്ങൾ നിങ്ങളുടെ വഴിക്ക് പോയ്ക്കൊള്ളുക. ഇവരെക്കുറിച്ച് അടുത്ത രണ്ട് സൂക്തങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ജഅ്ഫറുബ്നു അബീത്വാലിബിന്റെ കൂടെ നാൽപതു പേർ മദീനയിൽ നബിയെ സന്ദർശിച്ചതായി മറ്റൊരു നിവേദനം പറയുന്നു. അവരിൽ 32 പേർ അബ്സീനിയക്കാരും എട്ടു പേർ സിറിയക്കാരുമായിരുന്നു. ബുഹൈറ എന്ന സന്യാസിയും അബ്റഹത്ത്, അൽഅശ്റഫ് ആമിർ, ഐമൻ, ഇദ്‌രീസ് നാഫിഅ് എന്നിങ്ങനെ പല പ്രഗത്ഭ വ്യക്തികളും അക്കൂട്ടത്തിലുണ്ടായിരുന്നു.

ഈ സൂക്തങ്ങൾ ഖുറൈശികളോട് ഇങ്ങനെയൊരു പരിതാപവും ഉൾക്കൊള്ളുന്നുണ്ട്: വേദവാഹകരായ വിദ്വാന്മാർ ദൂരദിക്കുകളിൽനിന്ന് ഈ വേദം തേടി വരികയും അതു കേൾക്കുമ്പോൾ ഭക്തിപാരവശ്യത്തോടെ വിശ്വാസം പ്രഖ്യാപിക്കുകയും ചെയ്യുന്നു. നിങ്ങളോ, നിങ്ങൾക്ക് വന്നുകിട്ടിയ മഹത്തായ ദൈവാനുഗ്രഹം പുറംകാലുകൊണ്ട് തട്ടിയകറ്റാനും അതിന്റെ പ്രബോധകനെ ചവിട്ടിയരക്കാനും ബദ്ധപ്പെടുന്നു. ഇതെന്തു മാത്രം ലജ്ജാവഹവും ദൗർഭാഗ്യകരവുമാണ്!! ■